*Malappuram District Police*

## 25.06.2017 കൊണ്ടോട്ടി

പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ചെന്ന പരാതിയിൽ യുവാവിനെയും അമ്മയേയും അറസ്റ്റ് ചെയ്തു. കോഴിക്കോട് ഓമശ്ശേരി വേനപ്പാറ കല്ലറക്കാപ്പറമ്പ് മൂലക്കടവത്ത് ഷിബിൻ(19) അമ്മ ആനന്ദം (45) എന്നിവരാണ് പിടിയിലായത്. പതിനാറുകാരിയായ മകളെ കാണാനില്ലെന്ന് കാണിച്ച് പിതാവ് നൽകിയ പരാതിയില് നടത്തിയ അന്വേഷണത്തിൽ പെൺകുട്ടി പരപ്പനങ്ങാടിയിലുള്ളതായി വിവരം ലഭിച്ചു. ശനിയാഴ്ച രാവിലെ ഇവിടുത്തെ ലോഡ്ജിൽ നിന്ന് പ്രതികളെയും പെൺകുട്ടിയെയും കണ്ടെത്തുകയായിരുന്നു. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടു പോയി പീഡിപ്പിച്ചതിന് ഷിബിനെതിരെ കേസ് എടുത്തു. മകന് എല്ലാ സഹായവും ചെയ്തു കൊടുത്തതിനാണ് അമ്മയ്ക്കെതിരെ കേസ്. ഇരുവരും ചേർന്ന് പെൺകുട്ടിയെ പറശ്ശിനിക്കടവ് ചോറ്റാനിക്കര എന്നിവിടങ്ങളിലും കൊണ്ടു പോയതായി കണ്ടെത്തി. ആറു മാസം മുമ്പ് സമാനമായ രീതിയില് പ്രായപൂർത്തിയാകാത്ത മറ്റൊരു പെൺകുട്ടിയെ പീഡിപ്പിച്ചതിന് ഷിബിനും ആനന്ദത്തിനുമെതിരെ കേസുണ്ട്.